A | **403**

സമഗ്ര ശിക്ഷാ, കേരളം

പാദവാർഷിക മൂല്യനിർണയം 2022-23

ഗണിതം

ക്ലാസ് : 4 | **സമയം: 2 മണിക്കൂർ**

കുട്ടിയുടെ പേര്...

വിദ്യാലയത്തിന്റെ പേര് ....

ഡിവിഷൻ...

രക്ഷിതാവിന്റെ ഒപ്പ് ....

അധ്യാപകന്റെ ഒപ്പ്...

ക്രമ നമ്പർ	പ്രവർത്തനങ്ങൾ	ലഭിച്ച ഗ്രേഡ്
1	വായനാവസന്തം	
2	ബലൂൺ റെയ്സ്	
3	ഗൃഹ സന്ദർശനം	
4	സ്വാതന്ത്ര്യദിനാഘോഷം	
5	സൈക്കിൾ സവാരി	
6	കടയിലേക്ക്	
	ഓവറോൾ ഗ്രേഡ്	

നിർദേശങ്ങൾ

- താഴെ കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം.
- രണ്ടു മുതൽ ആറു വരെ പ്രവർത്തനങ്ങളിൽ ഏതെങ്കിലും 4 പ്രവർത്തനങ്ങൾക്കു മാത്രം ഉത്തരമെഴുതിയാൽ മതി.
- മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുൻപ് 15 മിനുട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
- ഉത്തരമെഴുതുന്നതിന് ഇതിലെ സ്ഥലം മതിയാവുന്നില്ലെങ്കിൽ അധിക കടലാസ് ഉപയോഗിക്കാവുന്നതാണ്.

പ്രവർത്തനം 1 - വായനാവസന്തം

മാൻകാട് പഞ്ചായത്തിലെ 6 എൽ.പി. സ്കൂളുകൾ പുസ്തകശേഖരണം നടത്തി. കിട്ടിയ പുസ്തകങ്ങളുടെ എണ്ണം ചുവടെ നൽകുന്നു.

ക്രമ നമ്പർ	സ്കൂളിന്റെ പേര്	ശേഖരിച്ച പുസ്തകങ്ങളുടെ എണ്ണം
1	ഗവ.എൽ.പി. സ്കൂൾ, കടുവക്കുന്ന്	356
2	ആനമല, എ.എൽ.പി. സ്കൂൾ	420
3	മയിൽമേട്, ഗവ.എൽ.പി. സ്കൂൾ	901
4	ഗവ. എൽ.പി. സ്കൂൾ, കരടിപ്പാറ	283
5	എ.എൽ.പി. സ്കൂൾ, കാക്കപ്പറമ്പ്	507
6	എ.എൽ.പി. സ്കൂൾ, മുയൽക്കുന്ന്	494

a. ഏറ്റവും കൂടുതൽ പുസ്തകം ശേഖരിച്ച സ്കൂൾ ഏത്?.



പുസ്തകങ്ങളുടെ എണ്ണമെത്ര?

b. പുസ്തകങ്ങളുടെ എണ്ണത്തെ വലുതിൽ നിന്ന് ചെറുതിലേക്ക് ക്രമീകരിക്കൂ.

c. മീനുവിന്റെ സ്കൂൾ ലൈബ്രറിയിലെ അവസാന പുസ്തക നമ്പർ 615 ആണ്. ഇപ്പോൾ കിട്ടിയ 10 പുസ്തകങ്ങൾക്ക് തുടർന്നുള്ള നമ്പർ നൽകൂ.

d. 7 നൂറുകളും 5 ഒന്നുകളും ചേർന്ന സംഖ്യ ഏത്?

പ്രവർത്തനം 2 - ബലൂൺ റെയ്സ്



a. ബലൂൺ റെയ്സ് മത്സരത്തിൽ കുട്ടികൾക്ക് കിട്ടിയ പോയിന്റ് നോക്കൂ. ബലൂണുകൾക്ക് നിറം നൽകൂ.

പേര്	കിട്ടിയ പോയിന്റ്	നൽകേണ്ട നിറം
ആദിൽ	3472	മഞ്ഞ
ജാസ്മിൻ	4508	റോസ്
ആദിത്യ	6005	നീല

b. വലിയ ഒരു നാലക്ക സംഖ്യ ഉണ്ടാക്കാൻ വേണ്ടി ദിയ ആയിരം, നൂറ്, പത്ത്, ഒന്ന് എന്നീ ബലൂണുകൾ ഓരോന്ന് വീതം എടുത്തു എങ്കിൽ ദിയ ഉണ്ടാക്കിയ സംഖ്യ എഴുതുക.

c. ഏറ്റവും ചെറിയ നാലക്ക സംഖ്യ എഴുതുക.

പ്രവർത്തനം 3 – ഗൃഹസന്ദർശനം



ആതിര ടീച്ചർ ഞായറാഴ്ച രാവിലെ **9.30** ന് സ്കൂളിൽ നിന്നും കുട്ടികളുടെ ഗൃഹസന്ദർശനത്തിനായി ഇറങ്ങി.

a. പത്ത് മണിക്ക് (ക്ലോക്കിൽ സമയം വരച്ചു ചേർക്കുക) സാനിയയുടെ വീട്ടിലെത്തി. അവിടെ അര മണിക്കൂർ ചെലവഴിച്ചു.



b. [   ] ന് (ക്ലോക്കിലെ സമയം എഴുതുക) അഭിനന്ദിന്റെ വീട്ടിലെത്തി.



c. 11.25 ന് (ക്ലോക്കിൽ സമയം വരച്ചു ചേർക്കുക.) അനീറ്റയുടെ വീട്ടിലെത്തി.

പിന്നീട് അനു, വിനു, റിയ എന്നിവരുടെ വീടുകൾ കൂടി സന്ദർശിച്ച് ഉച്ചയ്ക്ക് 1.30 ന് സ്കൂളിൽ തിരിച്ചെത്തി.

d. ടീച്ചർ ഗൃഹസന്ദർശനത്തിന് ആകെ എത്ര സമയമെടുത്തു?

പ്രവർത്തനം 4 - സ്വാതന്ത്ര്യദിനാഘോഷം

ആഗസ്റ്റ് 2022 കർക്കടകം 1197 - ചിങ്ങം 1198

ഞായർ	തിങ്കൾ	ചൊവ്വ	ബുധൻ	വ്യാഴം	വെള്ളി	ശനി
	1	2	3	4	5	6
7	8	9	10	11	12	13
14	സ്വാതന്ത്ര്യ ദിനം 15	16	17	18	19	20
21	22	23	24	25	26	27
28	29	30	31			

a. ഈ വർഷത്തെ സ്വാതന്ത്ര്യദിനം ഏത് ദിവസമാണ് ആഘോഷിക്കുന്നത്?

b. 2022 സെപ്തംബർ മാസത്തിൽ എത്ര വ്യാഴാഴ്ചകൾ ഉണ്ട്?

c. 2022 സെപ്തംബർ മാസത്തിലെ ശനിയാഴ്ചകളുടെ എണ്ണം എഴുതുക.

d.



ഇത് ഒരു കലണ്ടറിന്റെ ഭാഗമാണ്. ഇതിലെ വിട്ടുപോയ കളങ്ങളിലെ തീയതികൾ എഴുതുക.

പ്രവർത്തനം 5 - സൈക്കിൾ സവാരി



a. ജോണി, നജീബ്, ആതിര എന്നിവർ സ്കൂൾ യാത്രയ്ക്കായി സൈക്കിൾ വാങ്ങി. അവർ നൽകിയ കറൻസികൾ താഴെകൊടുത്തിരിക്കുന്നു. ഓരോരുത്തരും, സൈക്കിളിന് നൽകിയ വില കണ്ടെത്തൂ.

പേര്	2000 രൂപ	500 രൂപ	100 രൂപ	50 രൂപ	10 രൂപ	1 രൂപ	സൈക്കിളിന്റെ വില
ജോണി	1	-	5	-	4	-	
നജീബ്	-	4	2	1	-	5	
ആതിര	2	1	-	1	1	-	

b. പട്ടികയിലുള്ള എല്ലാ കറൻസികളും ഓരോന്ന് വീതമെടുത്താൽ ആകെ എത്ര രൂപയാകും?

☐

c. 101 നെ സൂചിപ്പിക്കുന്ന റോമൻ അക്കം ഏത്? ഉത്തരം ✓ ചെയ്യുക.

IC ☐	IX ☐	CI ☐	XI ☐

പ്രവർത്തനം 6 - കടയിലേക്ക്

ഓരോരുത്തരും വാങ്ങിയ സാധനങ്ങളുടെ ആകെ വില കണ്ടെത്തുക.



വിലവിവര പട്ടിക

മൊബൈൽ	-	5450
ടോർച്ച്	-	340
എമർജൻസി ലാമ്പ്	-	2100
വാച്ച്	-	850
ക്ലോക്ക്	-	1010
മിക്സി	-	3250

b)

ആകെ വില

a)

ആകെ വില

c)

ആകെ വില

റോസ് മേരിക്ക് 2000 രൂപയ്ക്ക് വാങ്ങിക്കാവുന്ന രണ്ട് ജോടി സാധനങ്ങളുടെ പേര് എഴുതുക.

d) ....

e) ....